# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.702

27.04.2017-ൽ മറുപടിയ്ക്ക്

## കാട്ടുതീ തടയൽ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**ഉത്തരം**

അഡ്വ.കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) വരൾച്ചകാലത്ത് കാട്ടുതീ തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എ) വരൾച്ചകാലത്ത് കാട്ടുതീ തടയുന്നതിന് ഓരോ വന ഡിവിഷനു കീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ Highly/Moderately/Low എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളായി തരം തിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

വരൾച്ച രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കാട്ടുതീ

സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് കേരളത്തിൽ നാളിതുവരെ വിവിധ വന ഡിവിഷനുകളിലായി നാന്നൂറോളം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. മറ്റു വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) എത്ര ഹെക്ടർ വനം കാട്ടുതീ ബാധിതമായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി) സംസ്ഥാനത്ത് കാട്ടുതീ ബാധിതമായിട്ടുള്ള വനമേഖലയുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ട്. 01.04.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 3180.18 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ബാധിച്ച കാട്ടുതീയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 429.96 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 704.48 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 593.2 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 528.25 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 282.02 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 30.31 |
| 7 | ഫീൽഡ് ഡയറക്ടർ, (പ്രൊജക്റ്റ് ടൈഗർ), കോട്ടയം | 423.72 |
| 8 | വൈൽഡ് ലൈഫ്, പാലക്കാട് | 188.24 |
| | ആകെ | 3180.18 |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന് കീഴിലെ ശെന്തുരുണി ഇക്കോടൂറിസത്തിന്റെ ഭാഗമായുള്ള ജംഗിൾ സഫാരിയും മണ്ണാർക്കാട് ഡിവിഷനു കീഴിലെ ശിരുവാണി ഇക്കോടൂറിസം മേഖലയിലേയ്ക്കുള്ള സന്ദർശകർക്കുള്ള പ്രവേശനവും താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കോഴിക്കോട് ഡിവിഷനു കീഴിലുള്ള മലബാർ വന്യജീവി സങ്കേതത്തിലേയ്ക്കുള്ള സന്ദർശക പ്രവേശന സമയങ്ങളിലും ക്രമീകരണം വരുത്തിയിട്ടുണ്ട്.

2. വയനാട് നോർത്ത് ഡിവിഷനിൽ പ്രധാനപ്പെട്ട പാതയോരങ്ങളിൽ വനസംരക്ഷണ ജീവനക്കാർ പ്ലേ കാർഡുകൾ ഏന്തി ആ വഴി കടന്നു പോകുന്ന വാഹനങ്ങൾ നിർത്തിച്ച് യാത്രക്കാർക്കും പൊതുജനങ്ങൾക്കും കാട്ടുതീ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി ലഘുലേഖകളും മിഠായിയും വിതരണം നടത്തുന്നു.

3. മണിക്കുന്ന്മലയെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മണിക്കുന്ന്മല സംരക്ഷണ റാലി സംഘടിപ്പിച്ചു. കൂടാതെ മീനങ്ങാടി ജി.എച്ച്.എസ്.എസ്-ലെ എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾക്കായി 27.12.2015 ന് കാട്ടുതീ ബോധവൽക്കരണ/ജലസംരക്ഷണ പരിപാടി സംഘടിപ്പിക്കുകയും തുടർന്ന് വിദ്യാർത്ഥികൾ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു.

4. വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ ആഭിമുഖ്യത്തിൽ പ്രധാന ടൗണുകളിൽ കാട്ടുതീ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് തെരുവ് നാടകം സംഘടിപ്പിച്ചിട്ടുണ്ട്.

5. 'കാട്ടുതീ വിമുക്ത കണ്ണൂർ' എന്ന പേരിൽ കൊട്ടിയൂർ, തളിപ്പറമ്പ് റെയിഞ്ചുകൾക്ക് കീഴിൽ വരുന്ന കാട്ടുതീ സാദ്ധ്യതാ മേഖലകളിൽ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ റോഡ്ഷോ സംഘടിപ്പിച്ചു.

6. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ ഡിവിഷൻ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വനപ്രദേശങ്ങളിൽ പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം പ്രദർശിപ്പിക്കുന്നതിലേയ്ക്കുള്ള ഹ്രസ്വചിത്രം തയ്യാറാക്കി.

7. എക്സിബിഷനുകളിൽ പ്രദർശിപ്പിക്കുന്നതിനായി വനവും വന്യമൃഗ സംരക്ഷണവും ഉൾപ്പെടുത്തി വിവിധ മോഡലുകൾ തയ്യാറാക്കുന്നതിനും കോഴിക്കോട് സോഷ്യൽഫോറസ്ട്രി എക്സ്റ്റെൻഷൻ ഡിവിഷൻ നടപടി സ്വീകരിച്ചു.

8. വാഴച്ചാൽ ഡിവിഷനിലെ എഫ്.ഡി.എയും ചാലക്കുടി ലയൺസ് ക്ലബ്ബും ചേർന്ന് ആതിരപ്പള്ളി-വാഴച്ചാൽ ഇക്കോടൂറിസം മേഖലയിലെ വി.എസ്.എസ് ഗൈഡുകൾക്ക് ഓവർകോട്ടുകളും, പൊകലപ്പാറ ആദിവാസി വനസംരക്ഷണ സമിതിയിലെ അംഗങ്ങൾക്ക് അവരുടെ ഉപജീവനമാർഗ്ഗത്തിന് മത്സ്യബന്ധനവലകളും നൽകി.

9. വാഴച്ചാലിലും മലക്കപ്പാറയിലും പ്രവർത്തിക്കുന്ന വനം വകുപ്പിന്റെ ചേക്ക്പോസ്റ്റിലൂടെ കടന്നുപോകുന്ന ടൂറിസ്റ്റ് വാഹനങ്ങളിൽ കാട്ടുതീ പ്രതിരോധത്തിനായി കൈക്കൊള്ളേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖ വിതരണം ചെയ്തുവരുന്നു.

10. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ സൗജന്യ മെഡിക്കൽ ക്യാമ്പും, പാഴ് വസ്തു/പ്ലാസ്റ്റിക് ശേഖരിക്കലും നടത്തുകയുണ്ടായി.

11. ശെന്തുരുണി വന്യജീവി സങ്കേതത്തിന്റെ കീഴിൽ വരുന്ന തദ്ദേശവാസികൾക്കും നേച്ചർ ക്യാമ്പിലെ പങ്കാളികൾക്കും കാട്ടുതീ തടയുക എന്ന സന്ദേശം ഉൾപ്പെടുന്ന പോക്കറ്റ് കലണ്ടറുകൾ വിതരണം ചെയ്തു വരുന്നു.

12. ആറളം വന്യജീവിസങ്കേതത്തിന്റെ കീഴിൽ വരുന്ന ഇ.ഡി.സി അംഗങ്ങൾക്കും, തദ്ദേശവാസികൾക്കും കാട്ടുതീ തടയുക എന്ന സന്ദേശം അടങ്ങിയ ഗ്ലാസ്സുകൾ നൽകുകയുണ്ടായി.

13. വയനാട് വന്യജീവി സങ്കേതത്തിൽ നേച്ചർ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളെ സംഘടിപ്പിച്ച് തെരുവ് നാടകം നടത്തുകയുണ്ടായി.

14. വനവാസികളുടെയും വന പ്രാന്തവാസികളുടെയും വനങ്ങളിലൂടെയുള്ള സഞ്ചാര പാതകൾ, ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങൾ, വനാന്തരങ്ങളിലുള്ള കോളനികളുടെ പരിസരങ്ങൾ, വൈദ്യുത ലൈനുകൾ കടന്നുപോകുന്ന സ്ഥലങ്ങൾ, അന്തർ സംസ്ഥാന വനാതിർത്തികൾ എന്നിവയെല്ലാം അഗ്നിസംരക്ഷണ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട പ്രദേശങ്ങളാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കുകയുണ്ടായി.

15. വനങ്ങൾക്കുള്ളിലും വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിലും സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് സന്ദർശകരും ഭക്തരും അലക്ഷ്യമായി വലിച്ചെറിയുന്ന തീപ്പെട്ടിക്കൊള്ളിയും ചൂട്ടും മറ്റും വലിയ അഗ്നി ബാധയ്ക്ക് കാരണമാകാറുണ്ട്. ആയതിനാൽ മുൻകൂട്ടിയുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്ന് പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

16. പൊതുജന സഹകരണം ഉറപ്പു വരുത്തുന്നതിലേയ്ക്കായി ക്ലോക്ക്, പെൻസ്റ്റാൻഡ്, ട്രാക്ക് സ്യൂട്ട്, ജെഴ്സി എന്നിവയിൽ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ സന്ദേശം രേഖപ്പെടുത്തി വിതരണം ചെയ്തു വരുന്നു.

വനസംരക്ഷണത്തിന്റെ പ്രാധാന്യവും, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ആവശ്യകതയും മുൻനിർത്തിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ വിവിധ ശ്രേണിയിലുള്ളവരെ പങ്കെടുപ്പിച്ച് കൊണ്ട് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**